"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഡോ. മുനവർ റഹിമാൻ.ടി കെ -യുടെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് ഓഫീസർ തസ്തികയിലെ അന്യത്ര സേവന കാലാവധി - നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2999/2025/LSGD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. .സ.ഉ.(സാധാ) നം.2160/2023/തസ്വഭവ തീയതി 03.11.2023
2. സ.ഉ.(സാധാ) നം.2268/2024/LSGD തീയതി 23.11.2024
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.09.2025 ലെ LSGD/PD/28383/2023-DEA5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന കോഴിക്കോട് ജനറൽ ആശുപത്രിയിലെ അസിസ്റ്റന്റ് സർജനായ ഡോ. മുനവർ റഹിമാൻ. ടി കെ-യുടെ അന്യത്ര സേവന കാലാവധി പരാമർശം (2) പ്രകാരം 8.11.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ഡോ.മുനവർറഹിമാൻ.ടി കെ-യുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയും അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് സമ്മതം അറിയിച്ചിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന ഡോ.മുനവർ റഹിമാൻ.ടി. കെ. യുടെ അന്യത്രസേവന കാലാവധി നിലവിലുള്ള അന്യത്രസേവന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 08.11.2025 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിലുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ

അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിന് വിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ആരോഗ്യ (എ) വകുപ്പ് (File No. HEALTH-A3/747/2025-HEALTH പ്രകാരം)
സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ ,കോഴിക്കോട്
ഡോ. മുനവർ റഹിമാൻ.ടി കെ , കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണവകുപ്പ് മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 19-12-2025 14:23:35**

സെക്ഷൻ ഓഫീസർ